പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 315 09.03.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ടെർമിനൽ കം ഷോപ്പിംങ്ങ് കോംപ്ലക്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ ഗുരുദാസൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ടെർമിനൽ കം ഷോപ്പിംങ്ങ് കോംപ്ലക്സ് ഏതെല്ലാം സ്ഥലങ്ങളിൽനിർമ്മിക്കുന്നതിന് മുൻ സർക്കാർ പദ്ധതിയിട്ടിരുന്നു; | (എ) | തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ), പേരൂർക്കട (തിരുവനന്തപുരം), ഫോർട്ട് (തിരുവനന്തപുരം), അങ്കമാലി, കോഴിക്കോട്, തിരുവല്ല, മലപ്പുറം എന്നിവിടങ്ങളിലെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ കെ.റ്റി.ഡി.എഫ്.സി മുഖേന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനാണ് മുൻ സർക്കാർ പദ്ധതിയിട്ടിരുന്നത്. |
| (ബി) | ഓരോ പദ്ധതിയുടെയും നിർമ്മാണം ആരംഭിച്ചത് ഏത് തീയതി മുതലാണ്; ആരംഭിച്ച് എത്ര മാസങ്ങൾക്കകം നിർമ്മാണം പൂർത്തിയാക്കണമെന്നാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്; ഓരോ പദ്ധതിയുടെയും കാര്യത്തിൽ എത്ര കാലതാമസം നേരിട്ടു; പൂർണ്ണതോതിൽ പദ്ധതി പൂർത്തികരിക്കാൻ ഒരോ പദ്ധതിക്കും ഇനിയും എത്ര മാസങ്ങൾ ആവശ്യമാണ്; കാലതാമസത്തിനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണം 26.03.2009-ലാണ് ആരംഭിച്ചത്. പദ്ധതിയുടെ ആദ്യഘട്ടമായി കെ.എസ്.ആർ.ടി.സി ഗ്യാരേജ്, ബസ് ബേ, റിട്ടയറിംഗ് റൂമുകൾ എന്നിവ 12 മുതൽ 18 മാസംകൊണ്ടും, രണ്ടാംഘട്ടം 24 മുതൽ 30 മാസത്തിനുള്ളിലും പൂർത്തീകരിക്കാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. 2011 ജനുവരിയിലായിരുന്നു നിർമ്മാണം പൂർത്തീകരിക്കേണ്ടിയിരുന്നത്. മൂന്നു മാസത്തിനകം പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.<br>തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിച്ചത് 28.01.2010-ലാണ്. 24 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കണമെന്നാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. 2 വർഷവും 3 മാസവും പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിട്ടു. പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി 6 മാസം കൂടി വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | തിരുവല്ല പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് 01.12.2010 മുതലാണ്. തിരുവല്ല പദ്ധതിയുടെ നിർമ്മാണം ആരംഭിച്ച് ആദ്യ ഘട്ടം 12 മുതൽ 18 മാസത്തിനകവും രണ്ടാമത്തെ ഘട്ടം 24 മുതൽ 30 മാസത്തിനകവും പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്, എന്നാൽ പണി പൂർത്തിയാക്കുന്നതിന് 23 മാസത്തെ കാലതാമസം നേരിട്ടു. പദ്ധതി 2 മാസത്തിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>അങ്കമാലി പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് 19.09.2008-ലാണ്. ആദ്യത്തെ ഘട്ടം 12 മുതൽ 18 മാസത്തിനകവും രണ്ടാമത്തെ ഘട്ടം 24 മുതൽ 30 മാസത്തിനകവും പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. പദ്ധതി പൂർത്തീകരണത്തിന് 15 മാസവും 12 ദിവസവും കാല താമസം നേരിട്ടു. പദ്ധതി 30.06.2012-ൽ പൂർത്തിയായി.<br>മലപ്പുറം, പേരൂർക്കട, ഫോർട്ട് (തിരുവനന്തപുരം) എന്നീ പ്രൊജക്ടുകൾ ഇതുവരെ ആരംഭിച്ചിട്ടില്ല.<br>ഓരോ പദ്ധതിയുടേയും കാലതാമസത്തിനുണ്ടായ കാരണങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | നിർമ്മാണകാലാവധി പ്രതീക്ഷിച്ചതിലും കൂടിയത് മൂലം നിർമ്മാണ ചെലവിൽ എത്ര ശതമാനം വർധന നേരിട്ടിട്ടുണ്ട്; അതുവഴി പദ്ധതി ചെലവ് എത്രയിൽ നിന്നും എത്രയായി വർധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്; | (സി) | കോഴിക്കോട് കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണ ചെലവ് 43.21 കോടി രൂപയായാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതി പൂർത്തിയാവുമ്പോൾ 55 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2.31 കോടി രൂപ അധിക ചെലവ് പ്രതീക്ഷിക്കുന്നു.<br>തമ്പാനൂർ, തിരുവല്ല, അങ്കമാലി എന്നീ കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സുകളുടെ കാര്യത്തിൽ കാല താമസം നേരിട്ടതുകൊണ്ട് നിർമ്മാണ ചെലവിൽ വർദ്ധനയൊന്നും ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി കമ്മീഷൻ ചെയ്യാൻ താമസിച്ചുപോയതിനാൽ ഓരോ പദ്ധതിയിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനത്തിൽ ഇതിനകമുണ്ടായ നഷ്ടം എത്ര കോടി വീതമാണ്? | (ഡി) | വരുമാന - നഷ്ടത്തിന്റെ കണക്കുകൾ കെ.റ്റി.ഡി.എഫ്.സി ഇതുവരെ തയ്യാറാക്കിയിട്ടില്ല. 30.06.2012-ൽ കമ്മീഷൻ ചെയ്ത അങ്കമാലി കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സിൽ പോലും നാളിതുവരെ 30% സ്ഥലം മാത്രമേ ലേലം ചെയ്ത് നൽകാൻ സാധിച്ചിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്, കോഴിക്കോട്

- 2010 ജനുവരിയിൽ മാത്രമാണ് സൈറ്റ് മുഴുവനായി കൈമാറി കിട്ടിയത്. ആ സമയത്ത് പഴയ മെയിൻ ബിൽഡിംഗ് പൊളിച്ചുമാറ്റി യിരുന്നില്ല.
- കെ.എസ്.ആർ.ടി.സി.യുടെ ഐ.ഒ.സി ഫ്യുവൽ സ്റ്റേഷൻ പുതിയ സ്ഥലത്തേക്ക് മാറ്റുന്നതിൽ കാലതാമസം നേരിട്ടു.
- സിവിൽ വർക്കുകൾക്കുള്ള കരാറിൽ ടെണ്ടർ നടപടികൾ അയോഗ്യനായ ഒരു കരാറുകാരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ സിവിൽ വർക്കുകൾ തുടങ്ങുവാൻ താമസം നേരിട്ടു.
- പഴയ കെട്ടിടത്തിന്റെ ഹെവി ആർ.സി.സി റാഫ്റ്റ് ഫൗണ്ടേഷൻ പൊളിച്ചു മാറ്റുന്നതിന് കൂടുതൽ സമയം ആവശ്യമായി വന്നു.
- സോയിൽ കണ്ടീഷൻ ദുർബലമായതിനാലും ഗ്രൗണ്ട് വാട്ടർ ടേബിൾ ഉയർന്നതിനാലും ഒറിജിനൽ സ്ട്രക്ച്ചറൽ ഡിസൈനിൽ ഭേദഗതി ആവശ്യമായി വന്നു.
- കഴിച്ചെടുത്ത മണ്ണ് നീക്കം ചെയ്ത് നിക്ഷേപിക്കുന്നതിന് സ്ഥലം കണ്ടെത്താൻ കാലതാമസം നേരിട്ടു.
- മുൻ വർഷത്തെ അപേക്ഷിച്ച് 2010-ലെ കനത്ത മഴ നിർമ്മാണ പ്രവർത്തനത്തെ സാരമായി ബാധിച്ചു.

### കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്, അങ്കമാലി

- കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം അവിടെനിന്നു തന്നെ നടത്തിക്കൊണ്ട് പണികൾ ചെയ്യേണ്ടിവന്നു.
- സൈറ്റിലുണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിന് കാലതാമസം നേരിട്ടു.
- നിർമ്മാണം തുടങ്ങുന്നതിന് മുന്നോടിയായി ചെയ്യേണ്ടിയിരുന്ന മണ്ണ് നീക്കൽ പ്രക്രിയയ്ക്ക് താമസം നേരിട്ടു.
- എക്സ്ട്രാ ഐറ്റങ്ങൾ ഉൾപ്പെടുത്താൻ ഡിസൈനിൽ മാറ്റങ്ങൾ വരുത്തേണ്ടി വന്നതും കാലതാമസത്തിന് കാരണമായി.

## കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ

- സൈറ്റ് പൂർണ്ണമായും നിർമ്മാണ പ്രവർത്തിക്കു ലഭിക്കാത്തതായിരുന്നു പ്രധാന കാരണം.
- കെ.എസ്.ആർ.ടി.സി.യുടെ പ്രർത്തനം അവിടെനിന്നും തന്നെ നടത്തിക്കൊണ്ട് പണികൾ ചെയ്യേണ്ടിവന്നു.
- അവസാനഘട്ട പണികൾ ചെയ്യേണ്ട സ്ഥലത്ത് കെ.എസ്.ആർ.ടി.സി.യുടെ കടമുറികൾ പൊളിച്ചു മാറ്റുന്നതിന് കാലതാമസം നേരിട്ടു.
- തമ്പാനൂരിലെ വെള്ളപ്പൊക്കനിവാരണത്തിനായി കെ.എസ്.യു.ഡി.പി ചെയ്തു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ടെർമിനലിന്റെ പണി പൂർത്തീകരിക്കുന്നതിന് തടസ്സമായി.

## കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്, തിരുവല്ല

- കെ.എസ്.ആർ.ടി.സി.യിൽ നിന്നും സ്ഥലം വിട്ടുകിട്ടാൻ കാലതാമസം നേരിട്ടു.
- ഗ്യാരേജ് കെട്ടിടത്തിന്റെ പ്രധാന ഭാഗം കെ.എസ്.ആർ.ടി.സി പൊളിച്ചുമാറ്റിയെങ്കിലും ഫൗണ്ടേഷൻ ഭാഗങ്ങൾ നീക്കം ചെയ്യാൻ ബാക്കിയുണ്ടായിരുന്നു. പഴയ ബസ് സ്റ്റേഷൻ പ്രവർത്തിച്ചിരുന്ന പ്രധാന കെട്ടിടം പുറമേ കരാർ കൊടുത്ത് പൊളിച്ചു നീക്കേണ്ടിവന്നു.
- മഴമൂലമുള്ള മണ്ണിടിച്ചിൽ കാരണവും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസമുണ്ടായി.
- അധിക മണ്ണ് നീക്കം ചെയ്യുന്നതിൽ പൊതുജനങ്ങൾ ആക്ഷേപങ്ങൾ ഉന്നയിച്ചതിന്റെ ഫലമായി വിജിലൻസ് അന്വേഷണം നേരിടേണ്ടി വന്നതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് താമസം നേരിട്ടു.
- നിർമ്മാണം പുരോഗമിക്കവേ മൾട്ടിപ്ലക്സ് ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. അതിനാൽ മുൻ തീരുമാന പ്രകാരമുള്ള പ്ലാനുകളിൽ മാറ്റം വരുത്തേണ്ടതായി വന്നു. ഇതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടു.
- ഇലക്ട്രിഫിക്കേഷൻ, ഫയർഫൈറ്റിംഗ്, ലിഫ്റ്റ്, എസ്കലേറ്റർ ഇൻസ്റ്റലേഷൻ, സിവിൽ നിർമ്മാണ പ്രവർത്തനത്തിന്റെ ഫിനിഷിംഗ് ജോലികൾ ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണ്. ഇവയിൽ ഏതെങ്കിലും ഒന്നിൽ നേരിടുന്ന തടസ്സങ്ങൾ മറ്റുള്ളവയേയും ബാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ